LIBRARY ARCHIVES Kerala Legislative Assembly

വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം

10 [173] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
" കെ. എൻ. എ. ഖാദർ:
" ടി. പി. എം. സാഹിർ:
" ഇസ്ഹാക് കുരിക്കൾ:
" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002, 2003 വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ചിട്ടുള്ള വിദേശ ടൂറിസ്റ്റുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ സന്ദർശനംമൂലം സംസ്ഥാനത്തിനുണ്ടായ വരുമാനം കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിൽ വർഷംതോറും പ്രതീക്ഷിക്കുന്ന വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002, 2003 വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികൾ യഥാക്രമം 232564, 294621 ആണെന്ന് കണക്കാക്കുന്നു.

(ബി ആന്റ് സി) വിദേശ വിനോദ സഞ്ചാരികളിൽ നിന്നും 2002, 2003 വർഷങ്ങളിൽ യഥാക്രമം 705.67 കോടി രൂപ, 983.37 കോടി രൂപ സംസ്ഥാനത്തിന് വരുമാനമുണ്ടായതായി കണക്കാക്കുന്നു.

(ഡി) വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനത്തിൽ വർഷം തോറും 10 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു.

കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം

11 [174] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരത്തിന്റെയും അതു സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം കേരള സർക്കാരിനാണോ;

(ബി) അല്ലെങ്കിൽ ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; എങ്കിൽ ആ സ്വകാര്യ കമ്പനി ഏതാണ്;

(സി) എത്ര തുകയ്ക്കാണ് കൊട്ടാരവും അതുൾപ്പെടുന്ന സ്ഥലവും കൈമാറിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന്റെ വിസ്തീർണ്ണം എത്ര ഹെക്ടർ ആണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഡി) കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ചില തർക്കങ്ങൾ ഉടലെടുത്ത സാഹചര്യത്തിൽ ഇക്കാര്യം നിയമ വകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ചുവരികയാണ്.

കോവളത്തെ കൊട്ടാരവും സ്ഥലവും

12 [175] ശ്രീ. പിരപ്പൻകോട് മുരളി:

„ രാജു എബ്രഹാം:

„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ കൊട്ടാരവും സ്ഥലവും ഗൾഫാർ ഗ്രൂപ്പിന്റെ കോവളം ഹോട്ടൽസിന് കൈമാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) കൊട്ടാരവും സ്ഥലവും സംബന്ധിച്ച് ഐ.ടി.ഡി.സി.-യുമായി കേരള സർക്കാരിന് വേണ്ടി വല്ല ധാരണാ പത്രത്തിലും ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ ധാരണാ പത്രത്തിലെ വ്യവസ്ഥകൾ വിശദമാക്കാമോ;

(ഡി) രാജകുടുംബത്തിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ പ്രസ്തുത കെട്ടിടവും, സ്ഥലവും പിന്നീട് എപ്പോഴെങ്കിലും ഐ.ടി.ഡി.സി.-യ്ക്ക് രേഖാമൂലം കൈമാറിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി ആന്റ് ഡി) കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ചില തർക്കങ്ങൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം നിയമ വകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly